പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1024 30.10.2019-ലെ മറുപടി

## സമഗ്ര കുടിവെള്ള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ആലപ്പാട് ഗ്രാമപഞ്ചായത്തിലെ സമഗ്ര കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ: | എ) | ആലപ്പാട് ഗ്രാമപഞ്ചായത്തിൽ CWSS to കരുനാഗപ്പള്ളി, ഓച്ചിറ ആലപ്പാട് എന്ന സമഗ്ര കുടിവെള്ള പദ്ധതിയാണ് ഉള്ളത്. ഈ പദ്ധതിയിൽനിന്നും ആവശ്യാനുസരണം ജലം ലഭ്യമാകാത്ത 1, 2, 3 വാർഡുകളിലേക്ക് കുഴൽ കിണർ വഴിയും കുടിവെള്ളം വിതരണം ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; | ബി) | CWSS to കരുനാഗപ്പള്ളി, ഓച്ചിറ ആലപ്പാട് എന്നീ പദ്ധതിയിൽനിന്നും ആലപ്പാട് ഗ്രാമപഞ്ചായത്തിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്നുവെങ്കിലും 1, 2, 3 വാർഡുകളിൽ ജലലഭ്യത കുറവുള്ളതിനാൽ കുഴൽ കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ കുഴൽ കിണറുകളിലെ ജലത്തിൽ ഇരുമ്പിന്റെ അംശം കൂടുതലാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ജലലഭ്യത കുറവുള്ളതു കൊണ്ടും ഓച്ചിറ ശുദ്ധീകരണ ശാലയിൽനിന്നും മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന ആലപ്പാട് പഞ്ചായത്തിലെ ടി വാർഡുകളിലേക്ക് നേരിട്ട് ജലം എത്തിക്കുന്നതിനായി 7.24 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രവൃത്തിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. 1.10.2019 ൽ ഫിഷറീസ് വകുപ്പിന് നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതാണ്. |
| (സി) | തീരസംരക്ഷണത്തിനനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | സി) | 15.6.2019 ലെ സ.ഉ.(സാധാ)21/2019/ജവിവ പ്രകാരം കൊല്ലം ജില്ലയ്ക്ക് അനുവദിച്ച 2.5 കോടി രൂപയിൽ ആലപ്പാട് പഞ്ചായത്തിൽ ജിയോബാഗ് ഉപയോഗിച്ച് തീരസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 136.10 ലക്ഷം രൂപ അനുവദിക്കുകയും അതിൽ ജിയോ ബാഗിന്റെ സപ്ലൈ ഇനത്തിൽ 28,89,347/- രൂപ ചെലവഴിച്ചിട്ടുമുണ്ട്. കൂടാതെ നോൺ പ്ലാനിൽ 45 ലക്ഷം രൂപയുടെ 3 പ്രവർത്തികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ